# ജീവിതത്തിൻ സായംസന്ധ്യയിൽ..

## വാസുദേവ് പുളിക്കൽ

വഴിയോരത്തെ പാർക്കിൽ മേശക്കു ചുറ്റും
കുശലം പറഞ്ഞിരിക്കും വിഭിന്നദേശക്കാർ
ജീവിതത്തിൻ സായം സന്ധ്യയിൽ
ഇരുട്ടു കാത്തിരിക്കും ക്ഷീണിതർ.
ജീവിതഭാരമിറക്കിവെച്ചവർ സ്വസ്ഥരായ്
സാന്ത്വനത്തതിൻ തണലാസ്വദിക്കയോ
നിരാശരായ് ദുഃഖത്തിൻ ചുരുളഴിക്കയോ?
ചക്രവാള സീമയിൽ മറയും സൂര്യന -
വരുടെ ജീവിയതാന്ത്യത്തിൻ പ്രതീകമോ
അവരുടെ കുശലപ്രശ്നത്തിൽച്ചേരാൻ
ഞാനുമെത്തിയവിടെ വൈകാതെ.

യൗവനത്തിലെ വീരഗാഥകൾ പാടാൻ
ഓരോരുത്തർക്കുമുണ്ടനുഭവത്തിന്നീരടികൾ
എന്നാലിന്നവർ നിരാശർ, ദുഃഖിതർ
ബേബിസിറ്റിംഗ് അല്ലെങ്കിൽ വൃദ്ധസദനം!
മക്കളുടെ ഭീഷണിയിലവർ നിസ്സഹായർ.
ഗർഭപാത്രത്തിനുപോലും വിലപേശും
സാമുഹ്യനീതിയിൽ ബ്ലാക്ക്മെയിലിൻ വ്യാപ്തി
പവിത്രമാം ഗർഭപാത്രത്തിന്നറ്റം വരെ
കൈവെടിയിലിൻെറ വേദനയും ദുഃഖവും.
സദനത്തിൽ കൊതുകിൻെറ കുത്തല്ലില്ലാതെ
മക്കളുടെ മണിമാളികയിൽ സംതൃപ്തി.
പേരക്കുട്ടികളുടെ കളിചിരികളിൽ,
അവരുടെ കുസൃതികളിൽ മനസ്സിലാഹ്ലാദം

എനിക്കില്ല ബേബിസിറ്റിങ്ങിൻ പ്രാരബ്ധം
വിധിയെന്ന സത്യത്തിൻ മന്ദഹാസത്തിൽ
പൊതിഞ്ഞുവെക്കുന്നെൻ മകൾ
താരാട്ടുദുഃഖത്തിൻ മ്ലാനമാം മുഖം.
അമേരിക്കൻ സംസ്കാരത്തിലലിഞ്ഞയവളിൽ
ഉണ്ടാവില്ല സ്വന്തം സാംസ്കാരത്തിൻ കണിക
എന്നു ഞാൻ ഭയന്നതു വെറുതെ.
സ്വന്തം സംസ്കാരമാണെൻ ബലം.
മകളുടെ വാക്കുകളഭിമാനത്തിൻ
പുഷ്പഹാരമായെൻ കഴുത്തിൽ വീണു.
ഹർഷപുളകിതനായ് ഞാൻ സ്വയം മറന്നു.
സ്വന്തം സാസ്കാരത്തിൻ മഹത്വമറിയുന്ന -
വരുണ്ടാം നിരവധി ഈ പ്രാവാസഭൂമിയിൽ.